**പതിനാലാം കേരളനിയമസഭ**

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4079 16.03.2017 ന് മറുപടിയ്ക്ക്.

**വന്യജീവി ആക്രമണം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.ഇ.ടി.ടൈസൺ മാസ്റ്റർ<br>ശ്രീ.മുഹമ്മദ് മുഹസിൻ.പി<br>ശ്രീ.വി.ആർ.സുനിൽ കുമാർ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ)വനാതിർത്തികളിലുള്ള ജനവാസകേന്ദ്രങ്ങളിൽ വന്യജീവി ആക്രമണം വലിയ തോതിൽ കൂടിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) സംസ്ഥാനത്തെ വനാതിർത്തികളിലുള്ള ജനവാസകേന്ദ്രങ്ങളിൽ വന്യജീവി ആക്രമണം വലിയ തോതിൽ കൂടിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) വന്യമൃഗ ആക്രമണങ്ങളിൽ മരണം സംഭവിക്കുന്നവർക്കും പരിക്ക് പറ്റുന്നവർക്കും കൃഷിനാശം നേരിടുന്നവർക്കും നഷ്ടപരിഹാരമായി സർക്കാർ നൽകുന്ന ധനസഹായം പര്യാപ്തമാണോ; അല്ലെങ്കിൽ ആയത് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) വന്യമൃഗങ്ങളുടെ ആക്രമണം മൂലം കാർഷിക വിളകൾക്കും വസ്തുവകകൾക്കും ഉണ്ടാകുന്ന നാശനഷ്ടത്തിന് നിലവിൽ നൽകി വരുന്ന പരമാവധി നഷ്ടപരിഹാരത്തുക 75,000/- (എഴുപത്തി അയ്യായിരം) രൂപയും, മനുഷ്യ ജീവനാശത്തിന് പരമാവധി നൽകി വരുന്ന നഷ്ടപരിഹാരത്തുക 5,00,000/- (അഞ്ച് ലക്ഷം) രൂപയുമാണ്. വന്യമൃഗ ശല്യത്തിൽ കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് അനുവദനീയമായ നഷ്ടപരിഹാരം 08.01.2015-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.02/2015/വനം പ്രകാരമാണ് നൽകി വരുന്നത്. നഷ്ടപരിഹാരത്തുക ഇനിയും വർദ്ധിപ്പിച്ച് നൽകുന്ന വിഷയം സർക്കാർ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ